# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

09.05.2017 - ൽ
മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: *284

## നീര ഉല്പാദനരംഗം നേരിടുന്ന പ്രതിസന്ധി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റോജി എം. ജോൺ<br>ശ്രീ.പി.ടി. തോമസ്<br>ശ്രീ.അനിൽ അക്കര<br>ശ്രീ.കെ.മുരളീധരൻ | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) നാളികേര വികസന ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന നീര ഉല്പാദന കമ്പനികൾ പ്രതിസന്ധിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ചില നീര ഉത്പാദക കമ്പനികൾ പ്രാരംഭഘട്ട ബുദ്ധിമുട്ടുകൾ നേരിടുന്നുവെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) എങ്കിൽ അതിനുള്ള കാരണമെന്താണ്; | ബി) നീര ടാപ്പിംഗിന് വൈദഗ്ദ്യമുള്ള തൊഴിലാളികളുടെ അഭാവം, പരിശീലനം ലഭിച്ച നീര ടെക്നീഷ്യൻമാർ തൊഴിൽ ഉപേക്ഷിച്ച് പോകുന്നത്, ഇടത്തരം പൊക്കമുള്ള ആരോഗ്യമുള്ള തെങ്ങുകളുടെ അഭാവം, കടുത്ത വേനൽ മൂലം നീര ഉത്പാദനത്തിലുണ്ടാകുന്ന കുറവ്, നീര ഉത്പാദന ത്തിനുള്ള അസംസ്കൃത വസ്തുക്കളുടെ കുറവ് മൂലം ഉൽപാദന ചെലവ് കുറയുന്ന വിധത്തിൽ പ്ലാന്റുകളുടെ ശേഷി പൂർണ്ണമായും വിനിയോഗിക്കാൻ സാധിക്കാത്തത് എന്നിവ യാണ് പ്രധാന കാരണങ്ങൾ |
| സി) സംസ്ഥാനത്തെ നീര ഉല്പാദന സംഘങ്ങ ൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്; | സി) നീര ഉല്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുതിനായി നാളീകേര ഉല്പാദക സൊസൈറ്റികൾ/ഫെഡറേഷനുകൾക്ക് കെട്ടിടയന്ത്ര സാമഗ്രികൾക്ക് ചെലവിന്റെ 25 ശതമാനം പരമാവധി 50 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. അതു പ്രകാരം 2015-16 ൽ കൈപ്പുഴ നാളികേര ഉല്പാദക കമ്പനിക്കും കുറ്റിയാടി ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിക്കും കരപ്പുറം കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനിക്കും 50 ലക്ഷം രൂപ വിതം സബ്സിഡിയായി നാളികേര വികസന ബോർഡ് മുഖേന കൃഷി വകുപ്പിൽ നിന്നും നൽകിയിട്ടുണ്ട്. 2016-17-ൽ വടകര കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിക്ക് നീര ഉല്പാദന യൂണിറ്റ് സ്ഥാപിക്കുന്നതിനായി 44.16 ലക്ഷം രൂപ കൃഷി വകുപ്പിൽ നിന്നും നാളികേര |

വികസന ബോർഡിന് അനുവദിച്ചുനൽകിയിട്ടുണ്ട്. നീര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി നീര ടെക്നീഷ്യൻ പരിശീലന പരിപാടി നടത്തുന്നതിന് കേരള കാർഷിക സർവ്വകലാശാല, നാളികേര വികസന ബോർഡ്, കേന്ദ്രതോട്ടവിള ഗവേഷണ കേന്ദ്രം എന്നീ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കൃഷി വകുപ്പിന്റെ നീര ടെക്നീഷ്യൻ പരിശീലന പദ്ധതി പ്രകാരം 2016-17 ൽ കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷന് പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനായി 75 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

"ടെക്നോളജി മിഷൻ ഓൺ കോക്കനട്ട്" എന്ന പദ്ധതിയുടെ കീഴിൽ പദ്ധതി ചിലവിന്റെ 25 ശതമാനം പരമാവധി 50 ലക്ഷം രൂപ സബ്സിഡിയായി നാളികേര വികസന ബോർഡ് നാളികേര ഉത്പാദക കമ്പനികൾക്ക് നല്കി വരുന്നുണ്ട്.

നാളികേര വികസന ബോർഡ് നീര ഉത്പാദനത്തിനുള്ള ടെക്നോളജി സൗജന്യമായി നാളികേര ഉത്പാദക കമ്പനികൾക്ക് നൽകി വരുന്നു. വെന്റിംഗ് മെഷീനുകൾ / വില്പന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് നാളികേര ഉത്പാദക ഫെഡറേഷനുകൾക്കും നാളികേര ഉത്പാദക സൊസൈറ്റികൾക്കും നാളികേര വികസന ബോർഡ് സാമ്പത്തിക സഹായം നൽകുന്നുണ്ട്.

**ഡി)** തമിഴ്നാട്ടിൽ നിന്നും കുറഞ്ഞവിലയ്ക്ക് നീര എത്തിക്കുന്നതിനുള്ള നീക്കം നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**ഡി)** തമിഴ്നാട്ടിൽ നിന്നും കുറഞ്ഞ വിലയ്ക്ക് നീര എത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ഇ)** എങ്കിൽ ഉല്പാദനച്ചെലവ് വളരെ കുറവുള്ളതും തമിഴ്നാട്ടിൽ നിന്നെത്തുന്നതുമായ നീരക്കെതിരെ മത്സരിക്കുവാൻ സംസ്ഥാനത്തെ നീര കർഷകരെ പ്രാപ്തരാക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് കൈക്കൊള്ളുകയെന്ന് വെളിപ്പെടുത്തുമോ?

**ഇ)** ബാധകമല്ല.

സെക്ഷൻ ഓഫീസർ